3913

Register Number

# Language — MALAYALAM — Paper II

( Grammar, Composition and Non-detailed )

Time Allowed : $2\frac{1}{2}$ Hours ] [ Maximum Marks :100

I. നിർദ്ദേശമനുസരിച്ച് അഞ്ചെണ്ണത്തിന് ഉത്തരമെഴുതുക : $5 \times 2 = 10$

1. ലീല നന്നായി പഠിച്ചു. പരീക്ഷയിൽ ജയിച്ചില്ല.
   ( ഒറ്റവാക്യമാക്കുക )

2. രാമൻ എഴുതുന്നു.
   ( ഭൂതകാലം എഴുതുക )

3. ഭാരതം എന്റെ രാജ്യമാണ്.
   ( 'എന്റെ' എന്ന പദം ഏത് വിഭക്തിയിൽ പെടുന്നു )

4. കലാകാരൻ ചിത്രം വരച്ചു.
   ( പ്രയോഗം മാറ്റുക )

5. സത്യമേവ ജയതേ ഇതാണ് ഭാരതത്തിന്റെ മുദ്രാവാക്യം
   ( ഉചിതമായ ചിഹ്നങ്ങൾ ചേർത്തെഴുതുക )

6. പ്രവർത്തി, കുലപാതകം.
   ( തെറ്റു തിരുത്തുക )

7. ഗായകൻ, ഈശ്വരി
   ( എതിർലിംഗമെഴുതുക )

[ Turn over

II. അഞ്ചെണ്ണത്തിന് ഉദാഹരണസഹിതം ഉത്തരമെഴുതുക : $5 \times 2 = 10$

8. സർവ്വനാമം എന്നാൽ എന്ത് ?

9. പ്രയോജികാ വിഭക്തിക്ക് രണ്ടുദാഹരണം എഴുതുക.

10. മുറ്റുവിന എന്നാൽ എന്ത് ?

11. ലോപസന്ധി എന്നാൽ എന്ത് ?

12. ബഹുവചനം എത്രവിധം ? അവ ഏതെല്ലാം ?

13. നിയോജക പ്രകാരം എന്നാൽ എന്ത് ?

14. ദ്വിഗുസമാസം എന്നാൽ എന്ത് ?

III. a) പിരിച്ചെഴുതി സന്ധികാര്യം വിവരിക്കുക : $4 \times 2 = 8$

15. തിരുവാതിര

16. വിണ്ടലം

17. കണ്ടില്ല

18. കളിക്കോപ്പ്

b) വിഗ്രഹിച്ച് സമാസം നിർണ്ണയിക്കുക : $5 \times 2 = 10$

19. നവഗ്രഹങ്ങൾ

20. അച്ഛനമ്മമാർ

21. കമലജൻ

22. ചൂട്ടോളി

23. മുഖത്താമര

IV. a) രണ്ടെണ്ണത്തിന് ലക്ഷണവും ഉദാഹരണവും എഴുതുക : $2 \times 3 = 6$

24. കാകളി

25. ഉപജാതി

26. നതോന്നത

b) രണ്ടെണ്ണത്തിന് ലക്ഷണവും ഉദാഹരണവും എഴുതുക : $2 \times 3 = 6$

27. രൂപകം

28. ദീപകം

29. കാവ്യലിംഗം

V. ഏതെങ്കിലും ഒന്നിനെക്കുറിച്ച് അരപ്പുറത്തിൽ ഉത്തരമെഴുതുക : $1 \times 5 = 5$

30. വിദ്യാധനം സർവ്വധനാൽ പ്രധാനം.

31. നൻമ വിതച്ചാൽ നന്മവിളയും.

VI. തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക : $5 \times 2 = 10$

മഹാപുരുഷന്മാരുടെ ചരിത്രം വായിച്ചുനോക്കുമ്പോൾ അവരിൽ അധികം പേരും ഏകാന്തത ഇഷ്ടപ്പെടുന്നവരായിരുന്നുവെന്ന് കാണാം. ഏകാന്തതയിലിരുന്നുള്ള ചിന്തയാണ് അവരുടെ മനസ്സിന് ശക്തിയും ശുദ്ധിയും ഉണ്ടാക്കിയത്. അവർ സ്വതന്ത്രമായി ചിന്തിക്കുന്നു. നിർഭയമായി പ്രവർത്തിക്കുന്നു. ആചാരങ്ങൾക്കും നടപടികൾക്കും അവരെ തടയാൻ സാധിക്കില്ല. പുതിയ ആചാരങ്ങളും നടപടികളും അവരുണ്ടാക്കുകയാണ് ചെയ്യുന്നത്. മഹാൻമാർ മനസാക്ഷിയുടെ മഹാവെളിച്ചത്തിൽ കൂടി നിർഭയം സഞ്ചരിച്ചവരാണ്. അവരുടെ ഭൂതദയയ്ക്ക് അവസാനമില്ല. അവരുടെ മനശക്തിക്കും അതിരില്ല. ലോകരുടെ പ്രീതി സമ്പാദിക്കുവാനല്ല മഹാന്മാർ ശ്രമിക്കുന്നത്. സ്വന്തം മനസാക്ഷിയുടെ അനുമതി സമ്പാദിക്കുവാനാണ്. അത് കാണിക്കുന്ന വെളിച്ചത്തിൽ കൂടി നടക്കുവാൻ. മറ്റുള്ളവരുടെ പ്രീതിക്കുവേണ്ടി മനസ്സാക്ഷിയെ അവഗണിക്കുന്നവൻ മണൽകൊണ്ടു കോട്ടകെട്ടുവാൻ പുറപ്പെടുന്നവനെപ്പോലെയാണ്. ജനങ്ങളുടെ പ്രീതിയും അപ്രീതിയും മാറിക്കൊണ്ടിരിക്കും. അതിൽ നിന്നെല്ലാം വിട്ട് മനസ്സാക്ഷിയുടെ ആജ്ഞക്കനുസരിച്ച് ജീവിക്കുന്നവനുമാത്രമേ മനസ്സമാധാനം ഉണ്ടാവുകയുള്ളു.

32. മഹാൻമാർ ഏകാന്തത ഇഷ്ടപ്പെടാനുള്ള കാരണമെന്ത് ?

33. മഹാൻമാരുടെ സ്വഭാവത്തിൽ കാണുന്ന പ്രത്യേകതകൾ ഏവ ?

34. മഹാൻമാർ എന്തു സമ്പാദിക്കുവാൻ ശ്രമിക്കുന്നില്ല ?

35. മണൽകൊണ്ട് കോട്ട കെട്ടുന്നവനോട് ആരെ സാമ്യപ്പെടുത്താം ?

36. മനസ്സമാധാനം ലഭിക്കുവാനുള്ള മാർഗ്ഗമെന്ത് ?

VII. 37. നിങ്ങളുടെ ജീവിതത്തിലെ മറക്കാനാവാത്ത സംഭവത്തെ കുറിച്ച് സുഹൃത്തിനൊരു കത്തെഴുതുക ? $1 \times 10 = 10$

*അല്ലെങ്കിൽ*

38. വേനൽക്കാല അവധി എപ്രകാരം കഴിച്ചുകൂട്ടുമെന്നു നിങ്ങളുടെ സ്നേഹിതന് ഒരു കത്ത് എഴുതുക ?

[ ***N.B.*** : **Sign your self as 'X' and your address as 'Y'. If you write your name, Regr. No., and address etc. your answer paper will not be valued.** ]

VIII. ഏതെങ്കിലും ഒരു കഥ രണ്ടു പുറത്തിൽ കവിയാതെ സംഗ്രഹിച്ചെഴുതുക : $1 \times 15 = 15$

39. ഇതുണ്ടായാൽ അതുണ്ടാകും

40. കളവുപോയ മാല

41. വ്യാകുല സങ്കേതം

IX. ഒന്നിനെപ്പറ്റി ഒന്നര പുറത്തിൽ കവിയാതെ ഉപന്യസിക്കുക : $1 \times 10 = 10$

42. ശാസ്ത്രവും മനുഷ്യപുരോഗതിയും

43. ഇഷ്ടപ്പെട്ട സിനിമ

44. വിദ്യാർത്ഥികളും അച്ചടക്കവും.